**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 181** **23-01-2025 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ട്രോമ കെയർ യൂണിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2008-ൽ അനുവദിച്ച നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ട്രോമ കെയർ യൂണിറ്റ് പൂർണ്ണ തോതിൽ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ട്രോമ കെയർ യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമായി വരുന്നു. എന്നാൽ അവ പ്രവർത്തിപ്പിക്കുന്നതിന് വേണ്ട മാനവ വിഭവശേഷി, അടിസ്ഥാന സൗകര്യം എന്നിവയുടെ അപര്യാപ്തത മൂലമാണ് പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിക്കാൻ കഴിയാത്തത്. എങ്കിലും, പോരായ്മകൾ പരിഹരിച്ച് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ദേശീയ പാതയുടെ സമീപത്തു പ്രവർത്തിക്കുന്ന നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ട്രോമ കെയർ യൂണിറ്റ് പൂർണ്ണ തോതിൽ പ്രവർത്തിപ്പിക്കുന്നതിന് ഇനി പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ട്രോമ കെയർ യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമായി വരുന്നു. എന്നാൽ അവ പ്രവർത്തിപ്പിക്കുന്നതിന് വേണ്ട മാനവ വിഭവശേഷി, അടിസ്ഥാന സൗകര്യം എന്നിവയുടെ അപര്യാപ്തത മൂലമാണ് പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിക്കാൻ കഴിയാത്തത്. എങ്കിലും, പോരായ്മകൾ പരിഹരിച്ച് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | തിരുവനന്തപുരം ജില്ലയിൽ മെഡിക്കൽ കോളേജ് കഴിഞ്ഞാൽ ഏറ്റവും അധികം രോഗികൾ ചികിത്സയ്ക്കായി എത്തുന്ന നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (സി) | പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പി.ജി. മെഡിക്കൽ വിദ്യാർത്ഥികളുടെ അധിക സേവനം ലഭിക്കുന്നതിനു നടപടി സ്വീകരിക്കാൻ കഴിയുമോയെന്ന് അറിയിക്കാമോ? | (ഡി) | നാഷണൽ മെഡിക്കൽ കമ്മീഷന്റെ 16.09.2020 ലെ MCI-18(1)2020/MED/121415 നമ്പർ നോട്ടിഫിക്കേൻ പ്രകാരം സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന് കീഴിൽ ജില്ലാ റസിഡൻസി പ്രോഗ്രാം നടപ്പിലാക്കുന്നതിനായി സർക്കാർ/ സ്വകാര്യ മേഖലയിലുള്ള മെഡിക്കൽ കോളേജുകളിലെ രണ്ടാം വർഷ പി.ജി ഡോക്ടർമാരെ താലൂക്ക്, ജില്ല, ജനറൽ ആശുപത്രികളിലേക്ക് 2023 മാർച്ച് 1 മുതൽ |

| | | | |
|---|---|---|---|
| | | | നിയമിച്ചിട്ടുണ്ട്. പി ജി ഡോക്ടർമാരെ 3 മാസം വീതമുള്ള 4 ഗ്രൂപ്പുകളായിട്ടാണ് വിവിധ ആശുപത്രികളിലേക്ക് നിയമിക്കുന്നത്. ഇതിനായി വിദ്യാർത്ഥികളുടെ പട്ടിക ജില്ലാ മെഡിക്കൽ ഓഫീസറിന് കൈമാറുകയും തുടർന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ ഇവരെ നിയമിക്കുകയും ചെയുന്നു .<br><br>ആയതിനാൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പി ജി മെഡിക്കൽ വിദ്യാർത്ഥികളുടെ അധിക സേവനം നൽകുന്നത് സംബന്ധിച്ച കാര്യങ്ങളിൻമേലുള്ള നടപടി ജില്ലാ മെഡിക്കൽ ഓഫീസർ തലത്തിൽ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ